ബാബ അപരാഹ്നവേളകളിൽ പ്രശാന്തിനിലയത്തിലെ വരാന്തയിൽ തനിക്കു ചുറ്റും കൂടുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന പ്രധാന സന്ദേശങ്ങളിൽ ചിലത് തെരഞ്ഞെടുത്ത് അധിക സത്സംഗമായി അവതരിപ്പിക്കുകയാണ് പ്രഫസർ അനിൽകുമാർ. പ്രശാന്തിനിലയത്തിൽ നടന്ന പല സംഭവങ്ങളും ഇതിൽ പരാമർശിക്കപ്പെടുന്നു. ഈ പ്രഭാഷണം തുടരും.

വിദ്യാർത്ഥികളുമായുള്ള ബാബയുടെ സംഭാഷണങ്ങൾ

പ്രഫസർ അനിൽകുമാറിന്റെ സത്സംഗം

സായീ വിവേകമുത്തുകൾ(Sai Pearls of Wisdom) ഭാഗം 36B

പ്രശാന്തി സന്ദേശം ഞായർ പോഡ്കാസ്റ്റ്

മാറേണ്ട ആവശ്യമില്ല-വിരക്തൻ എന്നാലും ബദ്ധൻ

ഒക്ടോബർ 10, 2022

ഓം ശ്രീ സായിരാം.

പ്രശാന്തി സന്ദേശം, സായി വിവേകമുത്തുകളിലേക്ക് സ്വാഗതം!

സ്വാമി ഓരോരുത്തരിലെയും അന്തര്യാമിയാണ്, ജൈവങ്ങളുടെയും അജൈവങ്ങളുടെയും.

ഈശ്വരത്വം കൂടുതലായി പ്രകടമാവുക ജൈവങ്ങളിലാണ്, അജൈവങ്ങളിൽ അത് ഗുപ്തം മാത്രമാണ്. സ്വാമി മൃഗങ്ങളെ വളരെയധികം സ്നേഹിക്കുന്നു. സ്വാമി അവിടുത്തെ പഴയ കാലത്തെ കിഴക്കൻ ആഫ്രിക്ക സന്ദർശനത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, അവിടുന്ന് സന്ദർശിച്ച വനങ്ങളിലെ ആ മൃഗങ്ങളെപ്പറ്റി പറഞ്ഞ്, അവിടുന്ന് ഓരോ തവണയും ആവേശഭരിതനാവും. ഈ ജന്തുലോകത്തോട് ഭഗവാന് അദമ്യമായ സ്നേഹമാണ്.

സ്വാമി താൻസാനിയയിൽ-ആഫ്രിക്കൻപര്യടനം

നമുക്ക് സായിഗീതയെപ്പറ്റി അറിയാം, സ്വാമിയുടെയൊപ്പം ഇവിടെ പ്രശാന്തിനിലയത്തിൽ ഏറെക്കാലം തങ്ങിയ ആനയാണ്; സ്വാമിക്ക് സായിഗീതയെ വലിയ ഇഷ്ടമായിരുന്നു.

നമുക്കെല്ലാവർക്കും അതറിയാം! ഗോകുലാഷ്ടമി ആഘോഷവും നമുക്കറിയാം. വിവിധ സ്ഥലങ്ങളിൽനിന്നുള്ള ഭക്തർ, അവരെക്കൊണ്ട് വല്ലവിധവും സാധിക്കുമെങ്കിൽ, ഇവിടെ ഒത്തുകൂടാറുണ്ട്. ഗോകുലാഷ്ടമി ഭഗവാൻ കൃഷ്ണന്റെ ജന്മദിനമാണ്, ഗോകുലത്തിലെ എല്ലാ പശുക്കളെയും ഇവിടേക്ക് കൊണ്ടുവരും. അവരെ നന്നായി അലങ്കരിക്കും. ഇടയ

ബാലന്മാരെപ്പോലെ വേഷം ധരിച്ച വിദ്യാർത്ഥികളാണ് അവരെ കൊണ്ടുവരുന്നത്. കാണാൻ നല്ല രസമാണ്! ഈ പശുക്കൾക്കൊപ്പം, രാജകീയ ആനയായ സായിഗീത പുറകെ എത്തുന്നു, വലിയ അലങ്കാരങ്ങളോടെ! സായിഗീത കുൽവന്ത് ഹാളിൽ എത്തിച്ചേരുമ്പോഴേക്ക്, എന്തു പറയാൻ, ദേവന്മാർക്കുള്ള കാഴ്ചയാണത്! എല്ലാ ഭക്തർക്കും ഈ കാഴ്ച വലിയ ആവേശം പകരുന്നതാണ്.

സ്വാമി ഈ ഗോക്കളുടെ വളരെയടുത്ത് ചെല്ലും, അവിടുന്ന് അവയെ തീറ്റും,

സായിഗീതയുടെ അടുത്തെത്തും, ഒപ്പം കുറെ സമയം ചെലവഴിക്കും, ആപ്പിളൊക്കെ കൊടുക്കും. അവിടുന്ന് സായിഗീതയോട് സംസാരിക്കുന്നപോലെ തോന്നും! അവിടുന്ന് അവളുടെ കാതിൽ മന്ത്രിക്കുന്നു. നല്ല കാഴ്ച, ഈ പശുക്കൾ, സായിഗീത ഒക്കെ സ്വാമിയെ എപ്രകാരമാണ് നോക്കുന്നതെന്നും സ്വാമി അവയെ നോക്കുന്നതെന്നും വളരെ അതിശയകരമാണ്. അത് നിറഞ്ഞ പ്രേമമായിരുന്നു, നിറയെ കവിഞ്ഞൊഴുകുന്ന പ്രേമമായിരുന്നു! അതാണ് നമ്മൾ കണ്ടിട്ടുള്ളത്.

ഇനി, ഞാൻ മറ്റൊരു ചെറിയ കഥ നിങ്ങളുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരാം. സ്വാമിക്കൊപ്പം ജീവിച്ചിരുന്ന ജാക്ക്, ജിൽ എന്നീ പേരുകളുള്ള രണ്ട് നായകൾ ഉണ്ടായിരുന്നു. ഓമന നായ്ക്കൾ- ജാക്കും ജില്ലും! ഇനി, സംഭവിച്ചതെന്തെന്നാൽ—-അതിനുമുമ്പ് പറയട്ടെ, ഈ രണ്ട് നായ്ക്കളും ഓരോ രാത്രിയിലും സ്വാമിയുടെ കാൽച്ചുവട്ടിലാണ് ഉറങ്ങിയിരുന്നത്. അത്ര അടുപ്പമായിരുന്നു അവർക്ക് സ്വാമിയോട്.

അങ്ങനെയിരിക്കെ, മൈസൂർ മഹാറാണി പ്രശാന്തിനിലയം സന്ദർശിക്കാനിടയായി. അക്കാലത്ത്, നിങ്ങൾക്കറിയാവുന്നപോലെ, യാത്രാസൗകര്യം വളരെ കഷ്ടമായിരുന്നു, റോഡുകളൊക്കെ താറുമാറായിരുന്നു. രാത്രിസമയത്ത് പ്രത്യേകിച്ചും ആളുകൾക്ക് ബുദ്ധിമുട്ടായിരുന്നു. അപ്പോൾ, സ്വാമിയുടെ അനുഗ്രഹം വാങ്ങിയിട്ട്, മൈസൂർ മഹാറാണി പ്രശാന്തിനിലയം വിടാനൊരുങ്ങുകയായിരുന്നു. സ്വാമി ഈ ജാക്കിനെ വിളിച്ചിട്ട്, മൈസൂർ മഹാറാണിക്ക് വഴി കാട്ടിക്കൊടുക്കുന്നതിന് നിർദ്ദേശം നൽകി. ശരി, അവർ കുറച്ചു ദൂരം പോയി. രാത്രി വളരെ ഇരുട്ടിയതു കാരണം കുറച്ച് വിശ്രമിച്ചിട്ട് അടുത്ത ദിവസം കാലത്ത് യാത്ര തുടരുന്നതിന് അവർ തീരുമാനിച്ചു.

അവർ ഒരു സ്ഥലത്ത് കാർ നിർത്തി, ഈ ജാക്ക് -നായ- കാറിന്റെ അടിയിൽ കിടന്നുറങ്ങി. പിറ്റേന്നു വെളുപ്പിന്, ഡ്രൈവർ അയാളുടെ സീറ്റിൽ കയറിയിരുന്നിട്ട് കാർ സ്റ്റാർട്ടാക്കി. ഏറെ നിർഭാഗ്യകരമെന്നു പറയട്ടെ, അറിയാതെ, കാറിന്റെ ഒരു ടയർ ജാക്കിന്റെ ഒരു

കാലിലൂടെ കയറിയിറങ്ങി. കാലിന് പരിക്കു പറ്റി. കാറ് വിട്ടുപോയി. ജാക്ക് മോങ്ങി മോങ്ങി, ആ വഴിയത്രയും വല്ല പ്രകാരവും അതിന്റെ ശരീരം മണ്ണിലൂടെ വലിച്ചിഴച്ച്, അവസാനം സ്വാമിയുടെ അടുത്തെത്തി. സ്വാമിയെ കണ്ടതും, അത് തന്റെ ശരീരം വെടിഞ്ഞു! അതായിരുന്നിരിക്കാം അതിന്റെ ആഗ്രഹം-സ്വാമിയുടെ ചരണങ്ങളിൽ തന്റെ ജീവിതം അവസാനിപ്പിക്കുകയെന്നത്. ഇന്നും നിങ്ങൾക്ക് ബൃന്ദാവനിൽ, സ്വാമിയുടെ മന്ദിരത്തിന്റെ വശത്തായി, ഈ രണ്ട് നായ്ക്കളുടെയും സ്മരണയ്ക്കായി-ജാക്കും ജില്ലും-അവരുടെ സമാധികൾ കാണാം.

ഞാൻ ഇതും ഓർക്കുന്നു, ഒരു ദിവസം ഉച്ചയ്ക്ക് 12, 12.30 മണിയോടെ ഒരു മാൻ ഓടിവന്ന് സ്വാമിയുടെ മന്ദിരത്തിൽ-ത്രയീ ബൃന്ദാവനിൽ-കയറി. സ്വാമി താഴെ വരുന്ന സമയമായിരുന്നില്ല അത്, പക്ഷേ എന്തായാലും, എല്ലാവരെയും അതിശയിപ്പിച്ചുകൊണ്ട് അവിടുന്ന് വാതിൽ തുറന്ന് പുറത്തു വന്നു. ഈ മാൻ, സ്വാമിയെ ദർശിച്ച പാടേ അന്ത്യശ്വാസം വലിച്ചു! എന്നെ അവിടെ കണ്ടിട്ട് സ്വാമി പറഞ്ഞു, "പാദപത്മങ്ങളിൽ ജീവൻ വെടിയണം എന്നത് ഈ മാനിന്റെ പ്രാർത്ഥനയായിരുന്നു! അതിനെ അനുഗ്രഹിക്കുന്നതിനായി മാത്രം ഞാൻ ഇറങ്ങിവന്നതാണ്!"

ഈ വാർത്ത വിദ്യാർത്ഥികൾ അറിഞ്ഞു. അവർ മന്ദിരത്തിൽനിന്ന് സ്വാമിയുടെ ദർശനത്തിനായി ഓടിയെത്താൻ തുടങ്ങി. അവർ ഓടുന്നതു കണ്ടിട്ട് സ്വാമി കളിയാക്കി, "ഇത് നാലു കാലുള്ള മാനാണ്, ആ രണ്ട് ആൺകുട്ടികളോ ഇരുകാലി മാനുകളും! അവർ ഇരുകാലി മാനുകൾ, ഇത്

നാൽക്കാലി മാൻ!'' എല്ലാവരും ചിരിച്ചു. അപ്പോൾ സ്വാമി പറഞ്ഞു, ''ഈ മാനും ആ മാനുകളും എനിക്ക് വളരെ പ്രിയപ്പെട്ടവരാണ്!'' വിദ്യാർത്ഥികളോടുള്ള അവിടുത്തെ സ്നേഹം അവിടുന്ന് ഇപ്രകാരമാണ് പ്രകടമാക്കിയത്, വിദ്യാർത്ഥികളാണ് അവിടുത്തെ യഥാർത്ഥ ധനം എന്ന് ഭഗവാൻ ബാബ മിക്കപ്പോഴും പറയാറുണ്ടായിരുന്നു.

ഇനി, ഇനി, ഞാൻ മറ്റൊരു കാര്യവും നിങ്ങളുടെ ശ്രദ്ധയ്ക്കായി കൊണ്ടുവരാം, സ്വാമി നമ്മുടെ മതം മാറുന്നതിനോ ആരാധനാ മൂർത്തിയെ മാറ്റാനോ ഒരിക്കലും പറയില്ല. ഏതു നേരത്തും നാം നമ്മുടെ മതത്തിൽ ഉറച്ചു നിൽക്കണം, നമ്മുടേതായ ധർമ്മത്തിൽ ഇളകാതെ നിൽക്കണം, നാം മാറേണ്ട കാര്യമേയില്ല! എന്തുകൊണ്ടെന്നാൽ ബാബ സകല ദേവീദേവസ്വരൂപമാകുന്നു! എല്ലാ ശക്തികളും അവിടുത്തെ പക്കലുണ്ട്. എല്ലാ നദികളും സർവശക്തമായ സമുദ്രത്തിൽ ലയിക്കുന്നതുപോലെ, വിവിധ ദേവന്മാർക്കായി സമർപ്പിക്കുന്ന വ്യത്യസ്ത നാമങ്ങളും പ്രാർത്ഥനകളും ഭഗവാനിലെത്തുന്നു, കാരണം ബാബ പറഞ്ഞിരിക്കുന്നു, ''എല്ലാ നാമങ്ങളും എന്റേതാണ്! സകല രൂപങ്ങളും എന്റേതാണ്!''
ഭഗവാൻ സർവശക്തനാണ്. ഭഗവാൻ അരുളുന്നു, ''നിങ്ങൾ എന്റെയടുത്തേക്ക് വരുമ്പോൾ, നിങ്ങൾ ആരാധിക്കുന്ന നാമമോ രൂപമോ മാറ്റേണ്ടതായില്ല, എന്തുകൊണ്ടെന്നാൽ സകല നാമങ്ങളും രൂപങ്ങളും എന്റേതാണ്! നിങ്ങളുടെ ഭക്തി എന്നിൽ എത്തിച്ചേരുന്നു!''

ഇതു സംബന്ധമായി ഞാനൊരു ചെറിയ സംഭവം നിങ്ങളുടെ അറിവിലേക്കായി പറയാം. മുംബെയ്ക്കടുത്ത്, ഗണേശ്പുരി എന്നൊരു സ്ഥലമുണ്ട്. ആ സ്ഥലത്ത്, നിത്യാനന്ദസ്വാമി എന്നു പേരുള്ള ഒരു സ്വാമിയുടെ സമാധിയുണ്ട്. അദ്ദേഹത്തിന്റെ ശിഷ്യനായിരുന്ന ശ്രദ്ധാനന്ദ അക്കാലത്ത് മംഗലാപുരത്ത് താമസിക്കുകയാണ്. അദ്ദേഹം ഒരു സായീ ഭക്തന്റെ ഗൃഹം സന്ദർശിക്കാനിടയായി, അവിടെ സായിഭജൻ നടക്കുകയായിരുന്നു. ആരതിയുടെ അവസാനം, ഈ സ്വാമി ശ്രദ്ധാനന്ദ, ആ മഹത്പുരുഷനായിരുന്ന നിത്യാനന്ദസ്വാമിയുടെ ശിഷ്യൻ, ഈ ശ്രദ്ധാനന്ദ കണ്ണീർ പൊഴിക്കാനാരംഭിച്ചു, അദ്ദേഹം ദീർഘനേരത്തേക്ക് സമാധിയുടെ അവസ്ഥയിലായി, അദ്ദേഹം തിരികെവരാനായി കുറച്ച് സമയമെടുത്തു.
തന്റെ ബോധാവസ്ഥയിലേക്ക് മടങ്ങിവന്നതിനു ശേഷം, ശ്രദ്ധാനന്ദ പറയുകയുണ്ടായി, ''ഇവിടെ നോക്കൂ! എന്റെ ഗുരു സ്വാമി നിത്യാനന്ദ എന്നോട് ആവശ്യപ്പെടുകയാണ്, ഡോ. ഗാഡിയയുമൊത്ത് സത്യസായി ബാബയുടെ ദർശനത്തിനായി പോകണമെന്ന്.''

ഞാൻ നിങ്ങളോട് പറയട്ടെ, ഡോ.ഗാഡിയ ഭഗവാന്റെ അഗാധ ഭക്തനാണ്, അദ്ദേഹം ലണ്ട നിൽനിന്നാണ്.

അങ്ങനെ, ഈ ശ്രദ്ധാനന്ദ ഡോ.ഗാഡിയയുമൊത്ത് പുട്ടപർത്തിയിൽ സ്വാമിയെ കാണാ നായി പോയി, ഭഗവാൻ ഇരുവരെയും ഇന്റർവ്യൂവിനായി വിളിച്ചു. സ്വാഭാവികമായും നിങ്ങൾക്കറിവുള്ളതുപോലെ, ഇന്റർവ്യൂവിനായി വിളിക്കപ്പെടുന്ന മറ്റ് പലരും ഉണ്ടാവും. സ്വാമി അവിടുത്തെ പതിവു ശൈലിയിൽ വിഭൂതി സൃഷ്ടിക്കുന്നതിനായി അവിടുത്തെ കരം ചുഴറ്റി, സ്വാമി ശ്രദ്ധാനന്ദ പെട്ടെന്ന് സ്വാമിയെ പിടിച്ചിട്ട് അവിടുത്തെ കരത്തിൽ കയ റിപ്പിടിച്ചു, അവിടെ ഇരുന്നവരൊക്കെ സ്തബ്ധരായിപ്പോയി. ഡോ.ഗാഡിയ വല്ലാതായി, കാരണം അദ്ദേഹമാണല്ലോ ശ്രദ്ധാനന്ദയെ ബാബയുടെ ദർശനത്തിനായി കൊണ്ടുവന്നത്. എന്നാൽ ശാന്തിസ്വരൂപനായ ഭഗവാൻ ഇളകിയതേയില്ല.

പ്രേമപൂർവം പുഞ്ചിരിച്ചുകൊണ്ട്, അവിടുന്ന് ശ്രദ്ധാനന്ദയോട് തിരക്കി, ''എന്തിനാണ് നീ എന്റെ കൈയിൽ പിടിച്ചത്?''

ശ്രദ്ധാനന്ദ മറുപടി നൽകി, ''ഞാനിവിടെ വന്നത് ചോക്കലേറ്റോ ഗ്യാസ്മിഠായിയോ കിട്ടാ നല്ല. അതിലും ഏറെ വലിയത് ഞാൻ പ്രതീക്ഷിക്കുന്നു, വലിയത്!''

അപ്പോൾ ബാബ പുഞ്ചിരിച്ചുകൊണ്ട് തിരക്കി, ''മറ്റുള്ളവർക്ക് ചോക്കലേറ്റോ ഗ്യാസ്മിഠാ യിയോ കൊടുക്കുന്നതിന് നിനക്ക് എതിർപ്പുണ്ടോ?''

ഭഗവാൻ എന്നിട്ട് വിഭൂതി സൃഷ്ടിച്ച് എല്ലാവർക്കും നൽകി, സ്വാമി ശ്രദ്ധാനന്ദയ്ക്ക് ഒഴി കെ. ഭഗവാൻ എന്നിട്ട് ഓരോരുത്തർക്കും വ്യക്തിപരമായ മാർഗനിർദ്ദേശം നൽകുന്നതി നായി അവരെ അകത്തെ മുറിയിലേക്ക് വിളിച്ചു. ഏറ്റവും അവസാനം വിളിക്കപ്പെട്ടയാൾ സ്വാമി ശ്രദ്ധാനന്ദ ആയിരുന്നു. ഭഗവാൻ അവിടുത്തെ തിരുഅങ്കിയുടെ മുകളിലത്തെ രണ്ട് ബട്ടണുകൾ തുറന്നിട്ട് ശ്രദ്ധാനന്ദയോട് അവിടുത്തെ നെഞ്ചിലേക്ക് നോക്കാനാവശ്യപ്പെട്ടു. അദ്ദേഹം അപ്രകാരം ചെയ്തപ്പോൾ, അദ്ദേഹം ആനന്ദഭരിതനായി, കവിളത്തൂടെ കണ്ണു നീർ ഒലിപ്പിച്ചുകൊണ്ട് അതിശയിച്ചു, ''ഓ ഗുരുദേവാ! അവിടുന്ന് ഇവിടെ ശ്രീ സത്യ സായിയുടെ രൂപത്തിൽ വന്നിരിക്കുകയാണോ!''

അദ്ദേഹം ഭഗവാന്റെ മാറിലേക്ക് നോക്കിയപ്പോൾ, തന്റെ ഗുരുവായ സ്വാമി നിത്യാനന്ദ യുടെ ദർശനത്താൽ അദ്ദേഹം അനുഗ്രഹീതനായി. ലോകമെമ്പാടുമുള്ള നിരവധി പേർക്ക് സമാനമായ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്, അവർ ഭഗവാൻ ബാബയിൽ അവരുടെ ഇഷ്ട ദേവതയെ ദർശിച്ച് അനുഗൃഹീതരായിട്ടുണ്ട്. അതിനാൽ, നാം നമ്മുടെ മതമോ നമ്മുടെ ഇഷ്ടദേവതയെയോ കുടുംബദൈവത്തെയോ മാറേണ്ട കാര്യമില്ല.

ഇനി, ഭഗവാൻ ബാബ നാം അറിയുന്ന പോലെ, എല്ലാ ഭക്തരിൽനിന്നും കേൾക്കുന്നപോലെ, അവിടുന്ന് സർവവ്യാപിയാണ്! ഒരുവൻ ദൈവത്തെ ഏത് രൂപത്തിൽ ആരാധിച്ചാലും ശരി, അവിടുത്തെ അനുഗ്രഹം ചൊരിയപ്പെടും. സ്വാമി അവിടുത്തെ അനുഗ്രഹം ആ ഭക്തരിലും ചൊരിയുന്നു, കാരണം അവിടുന്ന് ഈ സമസ്ത വിശ്വത്തിന്റെയും പോഷകനാണ്, എല്ലാത്തിന്റെയും പരമസത്തയാണ്.

ലോകമെമ്പാടുനിന്നുമുള്ള സ്വാമിയുടെ ഭക്തർ അവരുടെ ഇഷ്ടദേവതാ രൂപത്തിലുള്ള, ഇഷ്ട മൂർത്തിയായുള്ള അവിടുത്തെ ദർശനസിദ്ധിയാൽ അനുഗ്രഹിക്കപ്പെട്ടവരാണ്. അവിടുത്തെ നിരവധി യൂറോപ്യൻ ഭക്തർ യേശു ക്രിസ്തുവായി അവിടുന്നിനെ കണ്ടവരാണ്. പഴയകാല ഭക്തരിൽ ചിലർക്ക് ഷിർദ്ദിസായി രൂപത്തിലുള്ള അവിടുത്തെ ദർശനം ലഭിച്ചിട്ടുണ്ട്. ഭാഗ്യം ചെയ്ത ചുരുക്കം ചിലർക്ക് വിരൂപാക്ഷ ക്ഷേത്രത്തിൽവച്ച് ശ്രീ ശിവസായി ദർശനവും ലഭിച്ചിട്ടുണ്ട്.

ഇവിടെ ഞാനൊരു ചെറിയ കഥ നിങ്ങളുമായി പങ്കിടാം. സ്വാമിയുടെ പരമഭക്തയായ ഒരു സ്ത്രീയുണ്ടായിരുന്നു. കുടുംബത്തിലെ ഉത്തരവാദിത്തങ്ങളൊക്കെ നിറവേറ്റിയിട്ട് ചിലപ്പോഴൊക്കെ അവർ സ്വാമിയുടെ ദർശനത്തിന് പോകുമായിരുന്നു. പലപ്പോഴും, തന്റെ മകനും തനിക്കൊപ്പം വന്നിരുന്നെങ്കിൽ എന്ന് അവർ ആഗ്രഹിച്ചിരുന്നു, പക്ഷേ അവന് എതിരഭിപ്രായമായിരുന്നു.

ഒരിക്കൽ വല്ല വിധേനയും, അവനെ ഒപ്പം കൂട്ടുന്നതിനായി ബോധ്യപ്പെടുത്താനായി അവർക്ക്. വരുന്ന വഴിക്ക് പെട്ടെന്ന്, മകൻ അവരോട് പറഞ്ഞു, "ഞാൻ പുട്ടപർത്തിക്ക് വരില്ല. പകരം, ഞാൻ തിരുപ്പതിക്ക് പോവും," എന്നിട്ട് അവൻ തിരുപ്പതിക്ക് യാത്രയായി.

അവന്റെ അമ്മ ഒറ്റയ്ക്ക് സ്വാമിയുടെ ദർശനത്തിനായി പോയി. ദർശനവേളയിൽ സ്വാമി നേരേ അവളുടെ അടുത്തേക്ക് ചെന്നു, അവൾക്ക് പാദനമസ്കാരം നൽകി. എന്നാൽ അവൾ വിഷണ്ണയായി കാണപ്പെട്ടു.

ഇതു കണ്ടിട്ട് സ്വാമി അവളോട് തിരക്കി, "അമ്മാ! എന്തിനാണ് വിഷമിച്ചിരിക്കുന്നത്?"

വികാരവിക്ഷോഭം കാരണം അവർക്ക് ഒന്നും മിണ്ടാനായില്ല. സ്വാമി പറഞ്ഞു, "അമ്മാ! ഞാൻ ഇവിടെ പുട്ടപർത്തിയിലുള്ളതുപോലെ, ഞാൻ തിരുപ്പതിയിലും ഉണ്ട്! അതുകൊണ്ട്, വിഷമിക്കേണ്ടാ. നിന്റെ മകൻ തിരുപ്പതിക്ക് പോയിരിക്കുകയല്ലേ? അതിനർത്ഥം, അവൻ എന്റെയടുത്തേക്ക് വന്നിരിക്കുകയാണെന്നാണ്!" അതുകൊണ്ട്, സ്വാമി സകല ദേവന്മാരെയും ദേവതമാരെയും പ്രതിനിധീകരിക്കുന്നു എന്നതിന് ഇതാണ് തെളിവ്.

ഇനി, സ്വാമിക്ക് എന്തുതന്നെയായാലും മമതകളില്ലെന്ന വസ്തുത നമ്മെ സംബന്ധിച്ച് വളരെ പ്രധാനമാണ്. ഒരിക്കൽ അവിടുന്ന് ബൃന്ദാവനം വിട്ടാൽ, പിന്നെ അവിടുന്ന് അതെപ്പറ്റി മിണ്ടില്ല. ഒരിക്കൽ അവിടുന്ന് പ്രശാന്തിനിലയം വിട്ടാൽ, പിന്നെ അവിടുന്ന് മിണ്ടില്ല, അതെപ്പറ്റി പറയില്ല! ദസറ കഴിഞ്ഞാൽ, അതെപ്പറ്റി ചർച്ചകളില്ല! അവിടുന്ന് പൂർണനായും വിരക്തനാണ്.

'പരിത്യാഗി' എന്നതിനർത്ഥം ത്യജിച്ചവൻ എന്നർത്ഥം-ഒരു ബന്ധങ്ങളുമില്ല! എന്നാൽ അതേ സമയം, അയാൾ സകലതുമായും ഒരേപോലെ ബദ്ധനായിരിക്കും-പിതാവാകട്ടെ, മാതാവാകട്ടെ, സഹോദരനാവട്ടെ, സുഹൃത്താവട്ടെ. 14-ാം വയസ്സിൽത്തന്നെ, സത്യനാരാ

യണ രാജു-ഭഗവാൻ ബാബ അവിടുത്തെ വീട് ഉപേക്ഷിച്ചു, അവിടുന്ന് സായി ബാബയാ ണെന്ന് പ്രഖ്യാപിച്ചു. ആ സമയത്ത്, അവിടുന്ന് സ്വന്തം ലൗകിക മാതാവിനെ 'മായ' എന്നാണ് പരാമർശിച്ചിരുന്നത്, എന്നിട്ട് എല്ലാ ലൗകിക ബന്ധങ്ങളും ഉപേക്ഷിക്കുകയു ണ്ടായി. 'സർവ സംഗ പരിത്യാഗി'- ത്യജിച്ചവൻ!

ഒരുവന് സാധുക്കളെയും സന്യാസിമാരെയും 'വിരക്തർ' എന്ന് പറയാം, പക്ഷേ സ്വാമി യെപ്പറ്റി പറയാനാവില്ല, കാരണം അവിടുന്ന് ഈശ്വരനാണ്, മൂന്ന് ഗുണങ്ങളും അതിക്രമി ച്ചവനാണ്. മാതാവ്, പിതാവ്, ഭ്രാതാവ്, സഹോദരി, സുഹൃത്ത് തുടങ്ങിയ ബന്ധങ്ങ ളൊക്കെ മാനവജന്മത്തിന്റെ ഭാഗമാണ്. ഈ ലൗകികബന്ധങ്ങൾ പൊട്ടിച്ചെറിയുന്നതിന്, അവിടുന്ന് കേവലം മൂന്നുരള ആഹാരം മാത്രമാണ് മാതാവായ ഈശ്വരാംബയുടെ കൈയിൽനിന്ന് കഴിച്ചിരുന്നത്, അവരെ സമാധാനിപ്പിക്കുന്നതിനും സന്തോഷിപ്പിക്കുന്ന തിനും വേണ്ടി, എന്നിട്ട് പറയുകയുണ്ടായി, "ഇപ്പോൾ മായ എന്നെ വിട്ടുപോയി."

സ്വാമി അവിടുത്തെ ലൗകിക പിതാവിനെ ആദരപൂർവം 'ഗൃഹം അബ്ബായി' എന്നാണ്

സംബോധന ചെയ്തിരുന്നത്, അമ്മയെ 'ഗൃഹം അമ്മായി' എന്നും. അവിടുന്ന് കുടുംബത്തിലെ മുതിർന്നവരെയെല്ലാം ആദരിച്ചിരുന്നു, പക്ഷേ അന്തിമമായി അവർ തമ്മിലുണ്ടായിരുന്ന അടിസ്ഥാന ബന്ധം ഭഗവാനും ഭക്തനും തമ്മിലുള്ളതായിരുന്നു.

ബാല്യം മുതൽക്കേ, കൊച്ചു സത്യൻ ലൗകികകാര്യങ്ങളാൽ ആകർഷി ക്കപ്പെട്ടിരുന്നില്ല. വീട്ടിലെ മറ്റ് കുട്ടികൾ ആഹാരം, നിറപ്പകിട്ടുള്ള വസ്ത്രം, വിനോദങ്ങൾ തുടങ്ങിയ കാര്യങ്ങളാൽ മോഹിതരായപ്പോൾ, കൊച്ചു സത്യന് ഇത്തരം കാര്യങ്ങളുടെ നേർക്ക് ഒരു കാലത്തും ചായ്വ് ഉണ്ടായില്ല.

ഗുണങ്ങളെ അതിക്രമിക്കുന്നവനാരോ, ആ സ്വാമിക്ക് യാതൊരു ലൗകിക ബന്ധനങ്ങളുമില്ല, എന്നിട്ടും എല്ലാ ഈശ്വരാവതാരങ്ങ ളെയും പോലെ, അവിടുന്ന് അവിടുത്തെ ഭക്തരോട് ബദ്ധനാണ്. അവിടുന്ന് സദാ അവി ടുത്തെ ഭക്തരുടെ പരമലക്ഷ്യത്തിലേക്കുള്ള ആദ്ധ്യാത്മികോന്നമനത്തിൽ മുഴുകിയിരി ക്കുന്നു. അവിടുന്ന് ബാല്യത്തിലേ പ്രഖ്യാപിച്ചിരിക്കുന്നു, "സേവനത്തിനായാണ് ഞാൻ വന്നിരിക്കുന്നത്!" അന്നുതൊട്ട് അവിടുന്ന് മാനവരാശിയെ സേവിക്കുന്നു. അവിടുന്ന് സകലരിലും പ്രേമം വർഷിക്കുന്നു, എന്നാൽ അവിടുത്തെ വിദ്യാർത്ഥികളുടെ സമഗ്ര വിക സനത്തിനായി പ്രത്യേക ശ്രദ്ധ കൊടുക്കുന്നു. സായിമാതാവ് വിദ്യാർത്ഥികളിൽ ചൊരി

യുന്ന ഈ നിരുപാധിക പ്രേമം അവർക്ക് അവരുടെ മാതാപിതാക്കളിൽനിന്ന് ലഭിക്കുന്ന പ്രേമത്തിന്റെ എത്രയിരട്ടിയാണ്!

നിങ്ങളുടെ നേരത്തിന് നന്ദി! വീണ്ടും കാണാം! സായിരാം!

(തുടരും)

പ്രഫ. അനിൽകുമാർ കാമരാജു
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)